പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1914 — 17.03.2015 ൽ മറുപടിയ്ക്ക്

## ആലപ്പുഴ പട്ടണത്തിലെ സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) ആലപ്പുഴ പട്ടണത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സാമൂഹ്യവിരുദ്ധരുടെയും ഗുണ്ടകളുടെയും നേതൃത്വത്തിൽ എത്ര ആക്രമണങ്ങൾ ഉണ്ടായി; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്; | (എ) ആലപ്പുഴ പട്ടണത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 27 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 103 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) സാമൂഹ്യവിരുദ്ധ, ഗുണ്ടാ ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്ര വീടുകൾ അക്രമിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) ആക്രമണങ്ങളിൽ ആരും മരണപ്പെട്ടിട്ടില്ല. 28 പേർക്ക് പരിക്കേറ്റിട്ടുണ്ട്. 9 വീടുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. |
| (സി) ചില പോലീസ് ഉദ്യോഗസ്ഥർ ഈ അക്രമണങ്ങളിലെ പ്രതികളെ സംരക്ഷിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ആലപ്പുഴ പട്ടണത്തിലെ സാമൂഹ്യ വിരുദ്ധ ഗുണ്ടാ മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഡി) നഗരാതിർത്തിയിൽ ശക്തമായ പട്രോളിംഗ് നടത്തിയും, നിരന്തരം അക്രമ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നിരീക്ഷിച്ചും വരുന്നു. കൂടാതെ പ്രതികൾക്കെതിരെ 107 CrPC പ്രകാരവും KAAPA പ്രകാരവും നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ